മൺസൂൺ കാമ്പയിൻ, ആയുർവ്വേദ കാമ്പയിൻ, ബാക്ക് വാട്ടർ കാമ്പയിൻ, നാഷണൽ & ഇന്റർനാഷണൽ ബ്രാന്റ് കാമ്പയിൻ, ബേക്കൽ കാമ്പയിൻ, യൂറോപ്പ്, ഓസ്ട്രേലിയ എന്നീ ഭൂഖണ്ഡങ്ങളിൽ പ്രിന്റ്, വിഷ്വൽ മീഡിയകളിലൂടെയുള്ള കാമ്പയിൻ, ലണ്ടനിലെ ടാക്സികൾ കേന്ദ്രീകരിച്ചുള്ള ബ്രാന്റിംഗ് കാമ്പയിൻ ഓസ്ട്രേലിയയിലെ എയർപോർട്ട് ട്രാൻസ്ലേറ്റ്സ് വഴിയുള്ള കാമ്പയിൻ എന്നിവയും ആഗോള തലത്തിലെ മാർക്കറ്റിംഗിനെ സഹായിക്കുന്നു.

(സി) ഇല്ല.

(ഡി) ബാധകമല്ല.

വിദേശ മദ്യത്തിന്റെ നിരോധനവും വിനോദസഞ്ചാര മേഖലയിൽ ബുദ്ധിമുട്ടും

311 (1019) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യ ലഭ്യത കുറച്ചതിനാൽ വിനോദസഞ്ചാര മേഖലയിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) വിദേശ മദ്യത്തിന്റെ നിരോധനം വിനോദസഞ്ചാര മേഖലയിൽ തിരിച്ചടിയാകുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിദേശ മദ്യത്തിന്റെ ലഭ്യത കുറഞ്ഞതിനുശേഷമുള്ള സ്ഥിതി വിവര കണക്കുകൾ ലഭ്യമായതിനുശേഷം മാത്രമേ ഇത് വിനോദസഞ്ചാര മേഖലയെ എപ്രകാരം ബാധിക്കുന്നുവെന്ന് വ്യക്തമാകുകയുള്ളൂ.

വിനോദസഞ്ചാര മേഖലയിലെ തൊഴിൽ സംരക്ഷണ നടപടികൾ

312 (1020) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ മദ്യനയം ഉൾപ്പെടെയുള്ള നയങ്ങളും നിയന്ത്രണങ്ങളും സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ ഏതെല്ലാം തരത്തിൽ ബാധിച്ചുവെന്ന് പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടൂറിസം വ്യവസായ രംഗത്തുള്ളവർ ഉന്നയിച്ച ആശങ്കകൾ എന്തെല്ലാമാണെന്നും പ്രസ്തുത ആശങ്കകൾ ദൂരീകരിക്കാനും പ്രശ്നപരിഹാരത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും അറിയിക്കാമോ ;

(സി) വിനോദസഞ്ചാര മേഖലയിൽ വിവിധ തൊഴിലുകളിലേർപ്പെട്ടിരിക്കുന്നവരുടെ തൊഴിൽ സംരക്ഷണം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) പുതിയ മദ്യനയം നിലവിൽ വന്നതിനുശേഷമുള്ള വിനോദസഞ്ചാര മേഖലയെ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചതിനുശേഷം മാത്രമേ ഇക്കാര്യങ്ങൾ പരിശോധിക്കാൻ കഴിയുകയുള്ളൂ.

ടൂറിസം മേഖല നേരിടുന്ന പ്രതിസന്ധികൾ

313 (1021) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖല കടുത്ത പ്രതിസന്ധി നേരിടുന്നതായ വസ്തുത പരിശോധിച്ചിട്ടുണ്ടോ ;

(ബി) മുൻകാലങ്ങളിലെ അപേക്ഷിച്ച് പ്രതിവർഷ വരുമാനം കുറയാനിടയായത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ഈ സീസണിൽ കൺവെൻഷൻ ടൂറിസത്തിന് തിരിച്ചടി നേരിട്ടതായ ടൂർ ഓപ്പറേറ്റമാരുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നിലവിൽ ടൂറിസം മേഖല നേരിടുന്ന പ്രതിസന്ധികൾ ടൂറിസം മേഖലയിലെ സംരംഭകരുമായി ചർച്ച ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല പ്രതിസന്ധി നേരിടുന്നില്ല. മുൻകാലങ്ങളെ അപേക്ഷിച്ച് വിനോദസഞ്ചാരികളുടെ എണ്ണത്തിലും വരുമാനത്തിലും ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly